**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1216** **12-02-2025 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറ ബൈപാസ് നിർമാണത്തിനായി ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ ബൈപാസ് നിർമാണത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | മധുര-കൊച്ചി ദേശീയപാത 85-ൽ തിരുവാങ്കുളം മറ്റക്കുഴിയിൽ നിന്നും ആരംഭിച്ച് തൃപ്പൂണിത്തുറ മിനി ബൈപാസ് ജംഗ്ഷനിൽ അവസാനിക്കുന്ന തൃപ്പൂണിത്തുറ ബൈപാസിന് രണ്ട് ഘട്ടമായി ആകെ 34.05 ഹെക്ടർ സ്ഥലം ആയിരുന്നു ഏറ്റെടുക്കേണ്ടിയിരുന്നത്. ആദ്യ ഘട്ടത്തിലെ മറ്റക്കുഴി മുതൽ തിരുവാങ്കുളം റെയിൽവേ ലൈൻ വരെ ഏറ്റെടുക്കേണ്ട 16.172 ഹെക്ടർ സ്ഥലത്തിൽ 4.4312 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 17.886 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ആദ്യഘട്ടത്തിലെ 4.4312 ഹെക്ടർ ഒഴികെ സ്ഥലങ്ങളൊന്നും നിലവിൽ ഏറ്റെടുത്തിട്ടില്ല. |
| (ബി) | ഭൂമി ഏറ്റെടുക്കുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ഭൂമി ഏറ്റെടുക്കലിന് അനുവദിച്ച ഒറിജിനൽ എസ്റ്റിമേറ്റ് 6.57 കോടി രൂപയും പുതുക്കിയ എസ്റ്റിമേറ്റ് 558.82 കോടി രൂപയും ആയിരുന്നു. തൃപ്പൂണിത്തുറ ബൈപാസ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ തുക അനുവദിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ സമർപ്പിച്ചിരുന്നെങ്കിലും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത വിഷയവുമായി ബന്ധപെട്ട് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (സി) | ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 11/01/2024 തീയതിയിൽ ചേർന്ന യോഗത്തിൽ പദ്ധതി കേന്ദ്രഉപരിതല ഗതാഗത വകുപ്പ് നടപ്പിലാക്കേണ്ടതാണ് എന്നും ആയതിനാൽ സംസ്ഥാനസർക്കാർ ഇതിന്റെ സാമ്പത്തിക ബാധ്യത ഏറ്റെടുക്കേണ്ടതില്ല എന്നും തീരുമാനം എടുക്കേണ്ടത് കേന്ദ്രഉപരിതല ഗതാഗത വകുപ്പ് ആയതിനാൽ Denotify ചെയ്യുന്നതിന് സംസ്ഥാനം പ്രൊപ്പോസൽ സമർപ്പിക്കേണ്ടതില്ല എന്നും, വിശദവിവരങ്ങൾ കാണിച്ച് കേന്ദ്രഉപരിതലഗതാഗത വകുപ്പിന് കത്തെഴുതാനും തീരുമാനിച്ചിരുന്നു. യോഗത്തിലെ തീരുമാനപ്രകാരം 16.02.2024 ൽ |

| | | | |
|---|---|---|---|
| | | | കേന്ദ്രഉപരിതല ഗതാഗത വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) | ഭൂമി അടിയന്തിരമായി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | C പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ